'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തിരുവനന്തപുരം ജില്ലാ പഞ്ചയാത്തിന്റെ പ്രോജക്ക് നമ്പർ 554/20, 145/20 ന്യൂ ലൈഫ് ലക്ഷം വീട് കോളനികളുടെ നവീകരണം (ജനറൽ) - പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.417/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/02/2020

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26/11/2019ലെ കത്ത്

2 28/01/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.3.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ ലക്ഷം വീട് പദ്ധതി പ്രകാരമുള്ള ഇരട്ട വീടുകൾ 2000-ന് മുമ്പ് ഒറ്റവീടാക്കിയിരുന്നെങ്കിലും പിന്നീട് ഇവയുടെ അറ്റകുറ്റപ്പണിക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ലാത്തതിനാൽ ഈ വീടുകൾ ജീർണ്ണാവസ്ഥയിലാണ് എന്നും ഇവക്ക് മേൽക്കൂര മാറ്റൽ, പ്ലാസ്റ്ററിംഗ്, ജനൽ/വാതിൽ മാറ്റിവക്കലടക്കം അറ്റകുറ്റപ്പണി ആവശ്യമുണ്ട് എന്നും അതിന് ശരാശരി 2.00 ലക്ഷം രൂപ വേണമെന്നതിനാൽ ഇത്തരം വീടുകൾ വാസയോഗ്യമാക്കുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.00 ലക്ഷം രൂപ വരെ നൽകാൻ അനുമതി നൽകണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരാമർശം ഒന്ന് പ്രകാരം തിരുവനന്തപുരം ജില്ല പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം പരാമർശം രണ്ടു കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ച . ലൈഫ് പദ്ധതിക്കായി മാറ്റിവച്ചിരിക്കുന്ന 20% വിഹിതത്തിൽ നിന്നല്ലാതെ ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും 40:40:20 അനുപാതത്തിലാണ് തുക കണ്ടെത്തുന്നത് എന്നതിനാൽ ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഇതിനായി

വകയിരുത്തുന്ന തുക ലൈഫ് പദ്ധതിക്കായി മാറ്റി വക്കുന്ന 20 ശതമാനം തുകയിൽ നിന്നാകരുതെന്ന നിബന്ധന കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടെ ഈ പദ്ധതിക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം ജില്ല.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരള തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ